# അമയന്നൂർ ഹൈസ്ക്കൂൾ
# അമയന്നൂർ



# അക്കാഡമിക്
# മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ
2. ലക്ഷ്യങ്ങൾ
3. ചരിത്രപശ്ചാത്തലം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥാ വിശകലനം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വിശദീകരണം
7. മികവു പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ
2. കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ

(**അടിസ്ഥാന വിവരങ്ങൾ** - വിദ്യാലയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന വസ്തുതകളാണ് ഇതിലുണ്ടാവേണ്ടത്. വിദ്യാഭ്യാസ വകുപ്പിന്റെ ഏതേതു തലങ്ങളിൽ ഉൾപ്പെടുന്നു. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഏതിന്റെയെല്ലാം ഭരണസീമയിൽ ഉൾപ്പെടുന്നു തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്താം. മാതൃക പരിശോധിക്കുക)

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | അമയന്നൂർ ഹൈസ്കൂൾ, അമയന്നൂർ<br>അമയന്നൂർ പി.ഒ., കോട്ടയം |
| ഫോൺ | : | 0481 2542276 |
| 2. സ്കൂൾ കോഡ് | : | 31044 |
| 3. വിദ്യാഭ്യാസ ഉപജില്ല | : | ഏറ്റുമാനൂർ |
| 4. വിദ്യാഭ്യാസ ജില്ല | : | പാല |
| 5. റവന്യൂ ജില്ല | : | കോട്ടയം |
| 6. ബി.ആർ.സി. | : | ഏറ്റുമാനൂർ |
| 7. സി. ആർ.സി. | : | അയർക്കുന്നം |
| 8. ഗ്രാമപഞ്ചായത്ത് | : | അയർക്കുന്നം |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | പള്ളം |
| 10. ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| 11. നിയമസഭാ മണ്ഡലം | : | പുതുപ്പള്ളി |
| 12. ലോക സഭാമണ്ഡലം | : | കോട്ടയം |
| 13. താലൂക്ക് | : | കോട്ടയം |
| 14. വില്ലേജ് | : | അയർക്കുന്നം |
| 15. ഇമെയിൽ. | : | amayannoorhss@gmail.com |

## 2. ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമ്പന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
5. സമഗ്ര വിദ്യാഭ്യാസം രൂപപ്പെടുത്തുന്നതിനായി ഓരോ കുട്ടിയേയും വ്യക്തിഗതമായി പരിഗണിച്ചും പിന്തുണ നൽകിയും ഉന്നത ശ്രേണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി രൂപീകരിക്കൽ.

## 3. ചരിത്രപശ്ചാത്തലം

അമയന്നൂർ കരയിലെ ഏക ഹൈസ്കൂളും ഈ നാടിന്റെ അഭിമാന സ്തംഭവുമായ അമയന്നൂർ ഹൈസ്ക്കൂൾ സ്ഥാപിതമായത് കൊല്ലവർഷം 1113(എഡി 1938)ലാണ്. കൊല്ലവർഷം 21-12-1113 ME യിൽ 2647-ാം നമ്പരായി രജിസ്റ്റർ ചെയ്ത ഈ സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം ഒറവയ്ക്കൽ കുടുംബത്തിനാണ്. ഇപ്പോൾ ഈ സ്കൂളിന്റെ മാനേജരായി വർത്തിക്കുന്നത് ശ്രീ.എ.എബ്രഹാം ആണ്. സ്കൂളിന്റെ സർവ്വതോന്മുഖമായ വികസനം മുന്നിൽ കണ്ടുകൊണ്ട് ആത്മാർത്ഥയോടും അർപ്പണ ബോധത്തോടും പ്രവർത്തിക്കുന്ന മാനേജ്മെന്റാണ് ഈ സ്കൂളിനുള്ളത്. ആ സ്കൂൾ ആരംഭിച്ചത് മലയാളം മിഡിൽ സ്കൂൾ (5,6,7) ക്ലാസുകൾ ആയിട്ടാണ്. ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത് 1952 ലാണ്. സ്കൂളിന്റെ ആരംഭം മുതൽ 1970 ൽ റിട്ടയർ ചെയ്യുന്നതുവരെ ശ്രീ.ഒ.എം.എബ്രഹാമായിരുന്നു സ്കൂളിന്റെ ഹെഡ്മാസ്റ്റർ. അദ്ദേഹത്തിനുശേഷം ശ്രീ.കെ.മാണി, ശ്രീ.റ്റി.സി.കോര, ശ്രീ.എ.ചെറിയാൻ, ശ്രീമതി അന്നമ്മ മാണി, ശ്രീമതി എമിലി ജോസഫ്, ശ്രീമതി ആനിയമ്മ കെ.ചാണ്ടി, ശ്രീമതി കെ.എ.മറിയാമ്മ, ശ്രീ.എ.എബ്രഹാം, ശ്രീ.തങ്കമണി ചെറിയാൻ എന്നിവർ പ്രഥമാധ്യാപകരായി സേവനമനുഷ്ഠിച്ചു. ഇപ്പോഴത്തെ പ്രഥമാധ്യാപിക ശ്രീമതി അക്കാമ്മ വി.ജോർജാണ്.

ഇപ്പോൾ ഈ സ്കൂളിൽ ഡജ, ഒട വിഭാഗങ്ങളിലായി 403 വിദ്യാർത്ഥികളും 22 അധ്യാപകരും 4 അനധ്യാപകരും ഉണ്ട്. ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും ഉന്നത ബിരുദങ്ങൾ നേടുകയും, വിവിധ മേഖലകളിൽ ഉന്നതസ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും പല ഉന്നതസ്ഥാനങ്ങളും വഹിക്കുന്നത് ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളാണെന്നത് പ്രത്യേക പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. കുട്ടികളെ പൂർണരാക്കുന്നതിനും അവരുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് പിന്തുണയേകി സമസ്ത മണ്ഡലങ്ങളിലും കഴിവു പ്രതടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ സംജാതമാക്കാൻ ഈ സ്ഥാപനത്തിന് സാധിക്കുന്നുവെന്നത് ഏറെ പ്രശംസനീയം തന്നെ.

# 4. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

അക്ഷര ലോകത്ത് അറിവിന്റെ പൊൻവെളിച്ചം തൂകുന്ന അമയന്നൂർ ഹൈസ്കൂൾ അനേകം കുട്ടികൾക്ക് വിജ്ഞാനമേകി വരുന്നു, സാംസ്കാരികമായും, കലാപരമായും, വിജ്ഞാനപരമായും കായികപരമായും പുരോഗതി പ്രാപിക്കുന്ന ഒരിളം തലമുറയെ വാർത്തെടുക്കുന്ന ഈ കലാലയത്തിലെ ഇപ്പോഴത്തെ അവസ്ഥയെ പറ്റി ഒരു വിശകലനം നടത്താം.

വിദ്യാർത്ഥികളെ നേർവഴിക്ക് നടത്തുന്നതിനും, പാഠ്യ പാഠ്യേതര പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഇവിടുത്തെ അർപ്പണബോധവും ആത്മാർത്ഥയുമുള്ള അധ്യാപകർക്ക് സാധിച്ചു വരുന്നു. 2016-17 അധ്യയന വർഷം വിദ്യാഭ്യാസ വകുപ്പ് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയിച്ച് ഈ സ്കൂളിന്റെ യശസ്സ് ഉയർത്താൻ ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞുവെന്നത് ഏറെ ശ്ലാഘനീയം തന്നെ.

അധ്യാപക രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനം സവിശേഷ പ്രാധാന്യമർഹിക്കുന്നു. പിറ്റിഎ. പ്രസിഡന്റ് ശ്രീ.ഇ.പി.ഹരിദാസിന്റെ നേതൃത്വ ത്തിൽ സ്കൂളിലെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങളെ ഏറെ ഉയർത്തുന്നതിനും തന്നാലഫലമെന്നോണം പൊതുജനങ്ങൾക്ക് സ്കൂളിനെ ക്കുറിച്ച് ഏറെ മതിപ്പും താല്പര്യവും ജനിപ്പിക്കുന്നതിനും സാധിച്ചുവെന്നത് ഒരു നേട്ടം തന്നെയാണ്. സ്കൂൾ പാർലമെന്റിന്റെ പ്രവർത്തനങ്ങളും ഏറെ അഭിനന്ദനാർഹം തന്നെ.

യുവജനോത്സവങ്ങളിലും ശാസ്ത്ര-ഗണിത, ശാസ്ത്ര-പ്രവൃത്തി പരിചയ മേളകളിലും, കായിക രംഗത്തു തനതു വ്യക്തിമുദ്ര പതിപ്പിക്കുന്നതിന് നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്.

മികവ് പുലർത്തുന്ന ഇതര പരിപാടികൾ :

- N.C.C
- യോഗാ ക്ലാസുകൾ
- കരാട്ടെ പരിശീലനം (പെൺകുട്ടികൾക്ക്)
- ലൈബ്രറി
- കമ്പ്യൂട്ടർ പരിശീലനം
- പ്രവൃത്തി പരിചയ ക്ലാസ്
- ശാസ്ത്ര-ഗണിത ശാസ്ത്ര ക്ലബുകൾ
- ലാംഗ്വേജ് ക്ലബ്
- നേച്ചർ ക്ലബ്
- വിദ്യാരംഗം കലാസാഹിത്യ വേദി
- ഹെൽത്ത് ക്ലബ്
- കായിക പരിശീലനം
- വിജ്ഞാനച്ചെപ്പ് (പൊതുവിജ്ഞാന പരിശീലന പരിപാടി)
- മലയാളത്തിളക്കം (തുടർ പ്രവർത്തനം പരിപാടി)
- ശ്രദ്ധ
- പത്താം ക്ലാസിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനം

  പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂൾ സമയത്തിനു മുമ്പും പിമ്പും നൽകുന്ന പരിശീലനങ്ങൾ.
- സ്കോളർഷിപ്പ് പരിശീലനം (7-ാം ക്ലാസ്സിലെ കുട്ടികൾക്ക്)
- യു.പി. തലത്തിൽ ഗണിത-ഭാഷാ വിഷയ പരിശീലനം
- 8-ാം ക്ലാസ്സിലെ പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് മാതൃഭാഷാ പരിശീലന ക്ലാസ്സുകൾ

- PTA, MPTA
- SRG യോഗങ്ങൾ
- ഉച്ചഭക്ഷണ വിതരണ പരിപാടി
- കൃഷി
- സന്മാർഗ ക്ലാസ്സുകൾ
- കൗൺസിലിംഗ്

ഇങ്ങനെ ഒട്ടേറെ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടത്തി വരുന്നു. അധ്യാപകരും കുട്ടികളും രക്ഷിതാക്കളും പരിപൂർണ സഹകരണമാണ്. ഓരോ പ്രവർത്തനത്തിലും നൽകി വരുന്നത്.

## 5. നിലവിലെ അവസ്ഥാ വിശകലനം

സ്കൂളിന്റെ ഭൗതികമായ സാഹചര്യത്തിൽ ഒരു വൻ കുതിച്ചു കയറ്റമാണ് ഈ വർഷം കാണാൻ കഴിഞ്ഞത്. സ്കൂൾ മാനേജ്മെന്റിന്റെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ അനന്തര ഫലമെന്നോണം LP ക്ലാസ്സുകളുടെ നവീകരണം, girls friendly toilet ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ നിർമ്മിച്ചു. 5A ക്ലാസ്സുകൾ ടൈൽ പാകി വൃത്തിയാക്കി. Main building ന്റെ മുകളിലത്തെ നിലയുടെ roofing complete ആയി നവീകരിച്ചു.

ഭൗതിക സാഹചര്യങ്ങൾ : പരിമിതികൾ

ഭൗതിക സാഹചര്യങ്ങൾ ഇനിയും ഉയർത്തേണ്ടതുണ്ട്. സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ എണ്ണം വർദ്ധിപ്പിക്കണം. സ്കൂളിന് നല്ല ഒരു ഓഡിറ്റോറിയം ഉണ്ടാക്കേണ്ടതുണ്ട്.

ആധുനിക സാങ്കേതിക വിദ്യകൾ ഏറെ വികസിപ്പിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ തികച്ചും ഗ്രാമീണ സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾക്കും തികഞ്ഞ പരിശീലനം നൽകുന്നതിനായി ഈ മേഖലയിൽ ഏറെ ശ്രദ്ധ ചെലുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൂർണ്ണ ബോധ്യം ഉണ്ടെങ്കിലും സാമ്പത്തികമായ പിന്നോക്കാവസ്ഥ ഏറെ മുമ്പിലെത്താൻ ഒരു വിലങ്ങുതടിയായി നിൽക്കുന്നു. അതുകൊണ്ടുതന്നെ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കാനാവാത്ത ഒരു സ്ഥിതി വിശേഷമാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഉന്നത തലത്തിൽ നിന്നും, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സാമ്പത്തികമായ പിന്തുണ ലഭ്യമായാൽ ഇന്നത്തെ സ്കൂളിന്റെ ഭൗതിക നില ഏറെ മെച്ചപ്പെടുത്തുന്നതിന് സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. വരും കാലഘട്ടത്തിൽ ഏറ്റവും മികവു പുലർത്തുന്ന ഒരു മാതൃകാ വിദ്യാലയമായി ഈ സ്കൂൾ മാറുമെന്നതിന് യാതൊരു സംശയവുമില്ല.

2025-26

അക്കാദമിക നേട്ടങ്ങൾ : ~~2024-25~~ അധ്യയന വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ ഈ സ്കൂളിനു സാധിച്ചു. 16 പേർ എല്ലാ വിഷയത്തിനും എ പ്ലസ് കൈവരിക്കുകയുണ്ടായി. 6 കുട്ടികൾ 9 വിഷയങ്ങൾക്ക് എ. പ്ലസ്സ് നേടി. 4 പേർ എട്ട് വിഷയങ്ങൾക്ക് എ പ്ലസ് കൈവരിച്ചു. വളരെ നല്ല വിജയമാണ് ഇത്തവണ നേടാൻ കഴിഞ്ഞത്. ~~അങ്കമാലിയിൽ വെച്ചു നടന്ന~~ ഉപജില്ല ശാസ്ത്ര - ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും കലോത്സവത്തിലും ഈ സ്കൂളിലെ പ്രതിഭകൾ തിളക്കമാർന്ന നേട്ടങ്ങളാണ് കൈവരിച്ചത്. കായികമേളയിലും വൻ പ്രകടനമാണ് നമ്മുടെ കുട്ടികൾ നടത്തിയത്. ~~സയൻസ് മാഗസിന് സംസ്ഥാനതലത്തിൽ H.S. വിഭാഗത്തിന് A Grade ലഭിക്കുകയുണ്ടായി.~~ ഉപജില്ലാതല സയൻസ് നാടക മത്സരത്തിൽ രണ്ടാം സ്ഥാനവും A grade ഉം ലഭിച്ചു.

സ്കൂളിലെ എൻ. സി. സി. പ്രവർത്തനങ്ങൾ ശ്രീ അലൻ മത്തായിയുടെ നേതൃത്വത്തിൽ ഭംഗിയായി നടക്കുന്നു. ഈ സ്കൂളിലെ സാഗർ അജീഷിനെ നാഷണൽ ട്രക്കിംഗ് ക്യാമ്പിൽ പങ്കെടുക്കുവാനായി അവസരം ലഭിച്ചു. ഈ സ്കൂളിലെ പ്രതിഭാധനരായ കുട്ടികൾക്കു കഴിയുന്നുണ്ട്.

മലയാളത്തിളക്കത്തിന്റെ തുടർച്ചയെന്നോണം യു.പി. ക്ലാസ്സിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനം എല്ലാ ബുധനാഴ്ചകളിലും നൽകി വരുന്നു. യു.പി. തലത്തിലെ എല്ലാവരും നന്നായി എഴുതാനും വായിക്കാനും പ്രാപ്തരായി. ഇതര ഭാഷാ വിഷയങ്ങൾ (ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം) ഇവയ്ക്ക് പ്രത്യേക പരിശീലനം അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ നൽകി വരുന്നു. ഗണിതം - മധുരം എന്ന പേരിൽ ഗണിത ക്ലാസ്സുകൾക്ക് പ്രത്യേക പരിഗണന നൽകി പരിശീലനം നടത്തിവരുന്നു. പട്ടികകളും, ചതുഷ്ക്രിയകളും നിഷ്പ്രയാസം കൈകാര്യം ചെയ്യാൻ ഇപ്പോൾ കുട്ടികൾക്കും കഴിയുന്നു.

മികച്ച ഒരു ലൈബ്രറിയാണ് നമുക്കുള്ളത്. സ്കൂളിലെ എല്ലാ കുട്ടികൾക്കും വായിച്ചു വളരുന്നതിനുള്ള അവസം ഇവിടെ ലഭ്യമാണ്. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് ഇവയുടെ പ്രവർത്തനവും നല്ല രീതിയിൽ നടക്കുന്നു. -

വിജ്ഞാനച്ചെപ്പ് എന്ന പേരിൽ പൊതു വിജ്ഞാന പരിശീലനം എല്ലാ ബുധനാഴ്ചകളിലും നടത്തി വരുന്നു. കുട്ടികൾക്ക് വരും ഭാവിയിൽ മത്സര പരീക്ഷകളിൽ പങ്കെടുത്ത് വിജയം കൈവരിക്കുന്നതിന് ഇത്തരം പരിശീലനങ്ങൾ വഴിയൊരുക്കും എന്നതിൽ തെല്ലും സംശയമില്ല.

എല്ലാ വെള്ളിയാഴ്ചകളിലും കുട്ടികൾക്ക് യോഗാക്ലാസ്സ് നടത്തി വരുന്നു. മികച്ച യോഗാപരിശീലകനും, കൗൺസിലിംഗ് വിദഗ്ധനുമായ ശ്രീ സുരേഷ് ബാബുവാണ് കുട്ടികൾക്ക് യോഗാ പരിശീലനം നൽകുന്നത്. യോഗയിലൂടെ ആരോഗ്യമുള്ള ശരീരവും മനസും രൂപപ്പെടുത്താൻ സാധിക്കുന്നുവെന്നത്

പരമപ്രധാനമായ കാര്യമാണ്. ഈ സ്കൂൾ അധ്യാപകൻ ശ്രീ. അനൂപ് ആണ് യോഗാക്ലാസിന് നേതൃത്വം വഹിക്കുന്നത്.

കായികാധ്യാപകനായ ശ്രീ. അലൻ മത്തായിയുടെ നേതൃത്വത്തിൽ ഇവിടുത്തെ കായിക പ്രതിഭകൾ മികച്ച പ്രകടനം നടത്തി വരുന്നു. പെൺകുട്ടികൾക്കായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേകം കരാട്ടെ പരിശീലനം എല്ലാ ബുധനാഴ്ചകളിലും നൽകി വരുന്നു. ഭാവിയിൽ കരുത്തും, കാര്യശേഷിയും കൈമുതലാക്കാൻ ഈ പരിശീലനം ഏറെ സഹായകരമാകുമെന്നതിൽ സംശയമില്ല.

വിദ്യാരംഗം കലാ സാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ ഇവിടെ നടത്തിവരുന്നു. മനോജ് കുമാറിന്റെ നേതൃത്വത്തിൽ ഒട്ടേറെ മത്സരങ്ങൾ സ്കൂൾ തലത്തിൽ നടത്തി വരുന്നു.

തിങ്കൾ, ചൊവ്വ, വെള്ളി ദിവസങ്ങളിൽ 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് 'നവപ്രഭ' എന്ന പേരിൽ പരിശീലനം നൽകി വരുന്നു. പഠന നിലവാരം ഉയർത്തുന്നതിന് എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും സവിശേഷ ശ്രദ്ധ നൽകിയാണ് പരിശീലനം നടത്തുന്നത് ശ്രദ്ധ നൽകിയാണ് പരിശീലനം നടത്തുന്നത്. കുട്ടികൾക്ക് പഠനത്തിൽ മികവ് കൈവരിക്കുന്നതോടൊപ്പം ആത്മവിശ്വാസം ജനിപ്പിക്കുന്നതിനും ഈ പരിശീലനം വഴിയൊരുക്കുന്നു. പങ്കെടുക്കുന്ന മുഴുവൻ കുട്ടികൾക്കും ഭക്ഷണവും നൽകി വരുന്നു.

പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ക്ലാസടിസ്ഥാനത്തിൽ കണ്ടെത്തി അവർക്കു വേണ്ടുന്ന പ്രത്യേക പരിശീലവും പരിഗണനയും നൽകുന്ന ശ്രദ്ധ പദ്ധതി ഈ സ്കൂളിലും നടപ്പാക്കിയിട്ടുണ്ട്. ആഴ്ചയിൽ മൂന്നു ദിവസമാണ് ഈ പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നത്. കുട്ടികളുടെ പഠന നിലവാരം ഏറെ ഉയർത്തുന്നതിന് ഈ പദ്ധതികൊണ്ട് സാധിക്കുന്നുവെന്ന് നിസ്സംശയം പറയാം.

CWSN കുട്ടികൾക്കും പ്രത്യേകം പരിശീലനം ഈ വിദ്യാലയത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ശാസ്ത്ര ഗണിത ശാസ്ത്ര ക്ലബ്ബ്, ലാംഗേജ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് സാമൂഹ്യ ശാസ്ത്രക്ലബ്ബ് തുടങ്ങി ഒട്ടേറെ ക്ലബ്ബുകളുടെ പ്രവർത്തനവും ഏറെ ശ്ലാഘനീയം തന്നെ.

# മികവിനായി

## 6. ഏറ്റെടുത്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ (വിശദീകരണം)

കമ്പ്യൂട്ടറുകൾ കൂടുതലായി ലഭ്യമായാൽ എല്ലാ കുട്ടികൾക്കും (യു.പി., എച്ച്.എസ്.) മികച്ച രീതിയിൽ പരിശീലനം നൽകണമെന്നാണ് ആഗ്രഹിക്കുന്നത്. രക്ഷിതാക്കൾക്കും പരിശീലനം നൽകേണ്ടതുണ്ട്. അങ്ങനെ നൂതന സാങ്കേതിക പരിജ്ഞാനം എവർക്കും ലഭ്യമാക്കുന്നതിനും 100% കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്ന വിദ്യാലയമായി ഈ സ്കൂളിനെ മാറ്റിയെടുക്കേണ്ടതുണ്ട്.

കാർഷിക മേഖലയെ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ പച്ചക്കറി കൃഷി ഇവിടെ നടത്തുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ ഈ വർഷം മെച്ചപ്പെട്ട രീതിയിൽ കൃഷി നട

ത്താൻ സാധിച്ചില്ല. എന്നാൽ വരും വർഷങ്ങളിൽ സമർത്ഥരായ കുട്ടിക്കർഷകരെ കണ്ടെത്തി ക്ലാസ്സ് ധ്യാപകരുടെ നേതൃത്വത്തിൽ ഒഴിവു സമയങ്ങളിൽ കൃഷി നടത്തി വിളവെടുക്കണമെന്ന ആഗ്രഹം ഞങ്ങൾക്കുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അദ്ധ്വാനത്തിന്റെ മഹത്വം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനുമാണ് ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

വായനയിൽ താല്പര്യം വളർത്തുന്നതിനായി ഓരോ ക്ലാസ്സിലും വായനാ മൂലകൾ ഉണ്ട്. കൂടുതൽ പുസ്തകങ്ങൾ വായനാ മൂലയിൽ എത്തിക്കുന്നതിനും ഒരാഴ്ചയിൽ ഒരു കുട്ടി കുറഞ്ഞത് 10 പുസ്തകങ്ങളെങ്കിലും വായിക്കുന്നതിനുമുള്ള ഉദ്ദേശത്തോടെയാണ് വായനയ്ക്ക് ഏറെ പ്രാധാന്യം നൽകുന്നത്. അവധിക്കാലത്തും ലൈബ്രറി പുസ്തകങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നതിനും പദ്ധതിയുണ്ട്. ''അമ്മ വായന'' എന്ന പേരിൽ രക്ഷിതാക്കൾക്കും വായനയ്ക്കുള്ള സൗകര്യങ്ങൾ ലൈബ്രറിയിൽ ഒരുക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

അടുത്ത അധ്യയന വർഷം കുട്ടികൾക്കായി സന്മാർഗ പഠന ക്ലാസ്സ് നടത്താൻ ഉദ്ദേശിക്കുന്നു. മൂല്യബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയെന്നതാണ്. ഈ ക്ലാസ്സുകൊണ്ട് ലക്ഷ്യമിടുന്നത്. ജാതി, വർഗ, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി പരസ്പരം സഹകരണത്തോടും സഹിഷ്ണുതയോടും ജീവിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയാണ് വേണ്ടത്. കേവലം പാഠപുസ്തകങ്ങളിൽ മാത്രമൊതുങ്ങാതെ ഭാരതത്തിന്റെ സാംസ്കാരവും പാരമ്പര്യവും കുട്ടികളെ ബോധ്യപ്പെടുത്തുന്നതോടൊപ്പം വിവിധ മതഗ്രന്ഥങ്ങളിലെ മഹത്തായ ആശയങ്ങളെ കുട്ടികളിലേക്കെത്തിക്കാൻ ഒരു തീവ്രശ്രമം ആവശ്യമാണ്. ഇന്ന് സമൂഹത്തിലെ മൂല്യച്യുതിക്ക് ഒരു പരിഹാരമെന്നോണം സന്മാർഗ ക്ലാസ്സുകൾ കുട്ടികൾക്ക് ആന്തരിക സൗഖ്യം പ്രദാനം ചെയ്യുമെന്നതിൽ തെല്ലും സംശയമില്ല.

കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ കണ്ടെത്തി അതാതു മേഖലകളിൽ പരിശീലനം നൽകാനം പദ്ധതിയിട്ടിട്ടുണ്ട്. കഥപറയൽ, കവിത ചൊല്ലൽ, ഗാനാലാപനം, പ്രവൃത്തി പരിചയം, നൃത്തം, ചിത്രകല തുടങ്ങി ഏതു മേഖലയിൽ സവിശേഷ ശ്രദ്ധ ഊന്നിക്കൊണ്ടുള്ള പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്.

എല്ലാ ക്ലാസ്സുകളിലും കമ്പ്യൂട്ടറിന്റെ സഹായത്തോടെ അധ്യയനം നടത്തണമെന്ന് ആഗ്രഹിക്കുന്നു. പ്രൊജക്ടറുകൾ ഘടിപ്പിച്ചുകൊണ്ട് (സ്മാർട്ട് ക്ലാസ്സ് റൂം) ഉന്നതനിലവാരം പുലർത്തുന്ന ക്ലാസ്സുകൾ വരും കാലങ്ങളിൽ ഈ സ്കൂളിന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

അംഗവൈകല്യം ബാധിച്ച കുട്ടികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക, സി.ഡബ്ല്യു.എസ്.എൻ. കുട്ടികൾക്ക് ഒരു സ്ഥിരം അധ്യാപകനെ നിയമിക്കുക, പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക, ടീച്ചിംഗ് എയ്ഡുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക. സ്റ്റഡി ട്രിപ്പുകൾ സംഘടിപ്പിക്കുക, അനാഥ മന്ദിരങ്ങളും, വൃദ്ധസദനങ്ങളും സന്ദർശിക്കുക, സഹായങ്ങൾ നൽകുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. വരും കാലങ്ങളിൽ സമസ്ത മേഖലകളിലും വിജയം നേടാൻ കഴിയുമെന്ന പൂർണ്ണ വിശ്വാസമുണ്ട്.

## 7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനികവത്കരിക്കൽ<br>• പ്രതിഭാപോഷണ പരിപാടി<br>• നാടകക്കളരി<br>• ജൈവ വൈവിധ്യപാർക്ക്<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാ-കായികമേള<br>• ഐ.ടി. പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>• സ്കൂൾ പത്രം/മാസിക<br>• പ്രവൃത്തി പരിചയപഠനം<br>• എസ്.ആർ.ജി. ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• രചനാശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• പാവനാടക പരിശീലനം/ശില്പശാല<br>• ഒറിഗാമി ശില്പശാല<br>• ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>• ഭാഷാലാബ്<br>• ബാല<br>• ബ്ലോഗ്<br>• ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>• റേഡിയോ മാമ്മലശ്ശേരി<br>• മാമ്മലശ്ശേരി വിഷൻ | • ക്ലാസ്സ് മുറികൾ<br>• വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ടോയിലറ്റ്<br>• ലബോറട്ടറി<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്രരചന<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• എന്റെ ചെടി എനിക്കും പറയാനുണ്ട്<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക് മേള | • പിടിഎ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി., എസ്.എം.ഡി.സി. കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസനസമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• എസ്.എസ്.ജി<br>• എൽ.എസ്.ജി. ബന്ധം<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>• ക്ലാസ്സ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.<br>• റിസോഴ്സ് മാപ്പിംഗ്<br>• പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം.<br>• പഠനക്കൂട്ടം<br>• പ്രാദേശിക പി.ടി.എ<br>• ഭവന സന്ദർശനം |

(പദ്ധതി വിശദാംശങ്ങൾ - പട്ടികപ്പെടുത്തിയ സ്വപ്നപദ്ധതികളുടെ വിശദാംശങ്ങൾ മറ്റൊരാൾക്ക് വായിച്ചുമനസ്സിലാക്കാവുന്ന വിധത്തിൽ പ്രത്യേക ഫോർമാറ്റിൽ എഴുതി തയ്യാറാക്കലാണ് ലക്ഷ്യമിടുന്നത് - മാതൃക പരിശോധിക്കുക.)

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | - - |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. skit, conversation, drama etc. | പ്രതിമാസ പരിപാടി | എച്ച് . എം . / ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ. |

പ്രവർത്തനം 4
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ
ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽസർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെ ങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം |

പ്രവർത്തനം 5
പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധി ക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 10000/- (പ്രതിവർഷം സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 6
പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടി ലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/- ( പി.ടി.എ. ഫണ്ട്) |

പ്രവർത്തനം 7

പേര് : ഇംഗ്ലീഷ് ചാറ്റിംഗ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 8

പേര് : Translation of Malayalam childrens books to English
(മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20,000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 9

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 5,000/- (പൂർവ്വ വിദ്യാർത്ഥി സംഘടന) |

പ്രവർത്തനം 10

പേര് : പ്രസംഗ തർജമ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 11

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 12

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 13

പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/ രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 14

പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, എസ്.ഐ.റ്റി.സി. | - - |

പ്രവർത്തനം 15

പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം. & പി.ടി.എ. | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 16

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ജനസമ്പർക്കത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം., പി.ടി.എ., ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 17

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | - - |

പ്രവർത്തനം 18

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ. | 10000/- (ഒ.എസ്.എ.) |

## പ്രവർത്തനം - 19

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥപറയൽ<br>10. ചിത്രം-കഥ എഴുതൽ<br>11. കഥ-ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. സി.ഡി.ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 months<br>Aug-Sept | പുസ്തകങ്ങൾ<br>സി.ഡി | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>IED<br>Trainer<br>P.T.A |

## പ്രവർത്തനം - 20

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചാരണങ്ങൾ<br>14. ആകാശവാണി ക്ലബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ (യു.പി. വായന)<br>21. വായനക്കൂട്ടം മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനമുറി<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>P.T.A<br>BRC |

പ്രവർത്തനം - 21

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുക്കാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദന ക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘം ചരന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | 6 months | ലൈബ്രറി<br>പുസ്തകം<br>ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല ഫോട്ടോകൾ പുസ്തകം | BRC DIET<br>SCERT P.T.A<br>BRC ജനപ്രതിനിധി PTA Teachers |

## പ്രവർത്തനം – 22

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| | നാടകശിൽപശാല | | | |
| 1 | സംസ്കൃത നാടകം കാണാനുള്ള അവസരം | അരവർഷത്തിൽ ഒരു തവണ | 5,6,7 | നാടക അവബോധം |
| 2 | നാടക രചന | | | അവതരണ പാടവം |
| 3 | അഭിനയ പരിശീലനം | | | നാടക രചനാ പാടവം |
| 4 | മികച്ച അഭിനേതാക്കളുടെ പങ്കാളിത്തത്തോടെയുള്ള ക്ലാസുകൾ | | | ചിത്രീകരണ പാടവം |
| 5 | വേദികളിൽ അവതരണത്തിന് അവസരം | | | സംസ്കൃത ജ്ഞാനം |

## പ്രവർത്തനം – 23

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| | കായിക സംസ്കൃതം (പ്രാദേശിക കളികളിലൂടെ) | എല്ലാ മാസവും ഒരു തവണ | 5,6,7 | കായിക അവബോധം |
| 1 | കളികളെക്കുറിച്ച് അറിവു നൽകൽ | | | സംഭാഷ സാമർത്ഥ്യം |
| 2 | കളികൾക്കിടയിൽ സംസ്കൃത സംഭാഷണം മാത്രം | | | സംസ്കൃത ജ്ഞാനം |

## പ്രവർത്തനം – 24

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| | സംസ്കൃത യാത്ര | | | ചരിത്രപരമായ |
| 1 | സംസ്കൃത ഗ്രാമത്തിലേക്കുള്ള പഠനയാത്ര | വർഷത്തിൽ ഒരു തവണ | 5,6,7 | അറിവ് നേടൽ |
| 2 | കവികളുടെയും മറ്റ് മഹാത്മാരുടെയും ഗൃഹസന്ദർശനം | | | കവികളെക്കുറിച്ച് അറിവ് നേടൽ |

പ്രവർത്തനം - 25

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| <br>1<br><br>2<br><br>3 | വാർത്താ സംസ്കൃതം<br>കയ്യെഴുത്തു മാസിക നിർമ്മാണം<br>വാർത്താ പത്രിക നിർമ്മാണം<br>നിർമ്മിച്ചവ സദസിൽ പ്രസിദ്ധീകരിക്കൽ<br>സംസ്കൃത വാർത്തകൾ കാണാനും<br>കേൾക്കാനും അവസരം | എല്ലാ മാസവും<br>ഒരു തവണ | 5,6,7 | വാർത്ത ജ്ഞാനം<br>നിർമ്മാണ പാടവം<br>സംസ്കൃത ജ്ഞാനം<br>പ്രസിദ്ധീകരണ<br>സാമർത്ഥ്യം |

പ്രവർത്തനം - 26

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| <br>1<br>2 | സംഭാഷണ സംസ്കൃതം<br>സംസ്കൃതാവതരണം സൃഷ്ടിക്കൽ<br>സംസ്കൃതം കേൾക്കാൻ അവസരം | എല്ലാ മാസവും<br>ഒരു തവണ | 5,6,7 | അവതരണ പാടവം<br>സംസ്കൃത ജ്ഞാനം |

പ്രവർത്തനം - 27

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| <br>1<br>2<br><br>3 | ദശപുഷ്പോദ്യാനം<br>കൃഷിയറിവ്<br>പുഷ്പ ശേഖരണം<br>ഉചിത സ്ഥലം കണ്ടെത്തൽ<br>ഉചിതമായ പ്രോത്സാഹനം | വർഷത്തിൽ<br>ഒന്ന് | 5,6,7 | കൃഷി ജ്ഞാനം |

പ്രവർത്തനം - 28

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| <br>1<br>2 | സംസ്കൃത പ്രദർശനി<br>പച്ചക്കറികളുടെ പ്രദർശനം<br>പഴശേഖരണം | വർഷത്തിൽ<br>ഒന്ന് | 5,6,7 | ശേഖരണം<br>പ്രദർശനം<br>സംസ്കൃത ജ്ഞാനം |

## പ്രവർത്തനം – 29

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| <br>1<br>2<br><br>3 | കലാസംസ്കൃതം<br>സംസ്കൃതോത്സവം<br>ഇനങ്ങളായ<br>പാഠകം, അഷ്ടപദി, കൂടിയാട്ടം എന്നിവ<br>കാണാനുള്ള അവസരം<br>വിദഗ്ധരുടെ സോദാഹരണ ക്ലാസുകൾ | വർഷത്തിൽ<br>ഒരു തവണ | 5,6,7 | സംസ്കൃത<br>ജ്ഞാനം<br><br>അവതരണ<br>പാടവം |

## പ്രവർത്തനം – 30

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| <br>1<br>2<br><br>3 | കഥ, കവിത ക്യാമ്പ്<br>രചനാ പരിശീലനം<br>സമ്പുട നിർമ്മാണം, പ്രസിദ്ധീകരിക്കൽ<br>മികച്ച കവിയെയും കഥാകാരനേയും<br>ആദരിക്കൽ | അര വർഷത്തിൽ<br>ഒരു തവണ | 5,6,7 | രചന പാടവം<br>സംസ്കൃത<br>ജ്ഞാനം<br>പ്രസിദ്ധീകരണ<br>സാമർത്ഥ്യം |

## പ്രവർത്തനം – 31

| നം. | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| <br>1<br>2<br>3 | സാങ്കേതിക സംസ്കൃതം<br>ഐ.ടിയിലൂടെ സംസ്കൃത ടൈപ്പിംഗ്<br>സ്ലൈഡ് നിർമ്മാണം<br>ഗാനം- റെക്കോർഡിങ്ങ്<br>വീഡിയോ നിർമ്മാണം | അര വർഷത്തിൽ<br>ഒരു തവണ | 5,6,7 | സാങ്കേതിക<br>വിജ്ഞാനം<br>നിർമ്മാണ പാടവം<br>സംസ്കൃത<br>ജ്ഞാനം<br>പ്രദർശന പാടവം |

പ്രവർത്തനം 32

പേര് : പാവനാടക പരിശീലന ശില്പശാല

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. | 5000/- |

പ്രവർത്തനം 33

പേര് : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി. | 25,000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർഷിപ്പ് |

പ്രവർത്തനം 34

പേര് : സ്കൂൾ വിഷൻ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി.കളിലേക്ക് കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേഷണം. അസംബ്ലി, പൊതുപരിപാടികളുടെ സംപ്രേഷണം. | എല്ലാ ദിവസവും ഇടവേള കളിൽ | എസ്.ആർ.ജി. | 50,000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം 35

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു, നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | - - |

പ്രവർത്തനം 36

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. ഒ.എസ്.എ. | 1000/- ഒ.എസ്.എ. |

പ്രവർത്തനം 37

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | - - |

പ്രവർത്തനം 38

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം 39

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരംതിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - - |

പ്രവർത്തനം 40

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി.) |

പ്രവർത്തനം 41
പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി, എസ്.എസ്.ജി. | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 42
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (Field Trips)
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമുച്ചയകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം 43
പേര് : മേളകൾ
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 44
പേര് : സാമൂഹ്യ ശാസ്ത്രലാബ്
മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.റ്റി.എ.) |

പ്രവർത്തനം 45
പേര് : പഠനയാത്രകൾ
മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവിതം | എസ്.ആർ.ജി. | 20000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 46
പേര് : ഡിബേറ്റ് ക്ലബ്ബ്
മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം 47

പേര് : മോക്ക് പാർലമെന്റ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | - - |

പ്രവർത്തനം 48

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ മേഖലകളിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/-<br>(സ്പോൺസർഷിപ്പ്) |

പ്രവർത്തനം 49

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/-<br>(പി.ടി.എ.) |

പ്രവർത്തനം 50
പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ
മേഖല/ഉപമേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ്ബ് | 5000/- (എസ്.എസ്.ജി.) |

പ്രവർത്തനം 51
പേര് : കലാമണ്ഡപം
മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്/ കലാദ്ധ്യാപകൻ | 20000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 52
പേര് : ചിത്രരചനാക്കളരി
മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യ വേനൽ അവധി ക്കാലം (5 ദിവസം) | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം 53

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ. കായിക അദ്ധ്യാപകൻ | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 54

പേര് : കായിക താരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ

മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപ ജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങ ൾക്കുശേഷം | എച്ച്. എം. കായിക അദ്ധ്യാപകൻ | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 55

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷ ത്തിൽ ഒന്നു വീതം | എച്ച്. എം. പി.ടി.എ. | 10000/- (പി.ടി.എ.) |

പ്രവർത്തനം 56

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ചക്കറി ത്തോട്ടം ഉണ്ടാക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. എൻ.എസ്. എസ്. | 5000/- (കൃഷിവകുപ്പ്) |

പ്രവർത്തനം 57
പേര് : ജൈവ വൈവിധ്യപാർക്ക്
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി. | 25000/- (എസ്.എസ്.എ.) |

പ്രവർത്തനം 58
പേര് : ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം. പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 59
പേര് : പോഷകാഹാര പരിപാടി
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | 50000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം 60

പേര് : ഗവേഷണ പ്രോജക്ടുകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നാക്കാവസ്ഥ യുള്ളവർക്കുള്ള പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നുവീതം | എസ്.ആർ.ജി., പി.ടി.എ., എം.പി.ടി.എ., എസ്.എസ്.ജി. | - - |

പ്രവർത്തനം 61

പേര് : വരയും കുറിയും

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചിത്രാവിഷ്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതിചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങളിലൂടെയുംലഘു വിവരണങ്ങളിലൂടെയും രേഖപ്പെടുത്തിപുസ്തകമാക്കുന്നു. | ഒരു പ്രാവശ്യം | ഒ.എസ്.എ., എസ്.എസ്.ജി. | 10000/- (പി.ടി.എ.) |

പ്രവർത്തനം 62

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | — |

പ്രവർത്തനം 63

പേര് : ശാസ്ത്രമാജിക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | – |

പ്രവർത്തനം 64

പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി. | – |

പ്രവർത്തനം 65

പേര് : സമ്മർ ഗ്രാമർ സ്കൂൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി മദ്ധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം | അവധി ദിവസങ്ങൾ | പി.റ്റി.എ. എസ്.എസ്.ജി. | – |

പ്രവർത്തനം 66

പേര് : സമഗ്ര പോർട്ടൽ ശില്പശാല

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | [illegible] സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി. യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ. സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ആർ.ജി. | — |

പ്രവർത്തനം 67

പേര് : ലോകസഞ്ചാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുന്നതിന് കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീകരിക്കണം. ദിവസവും ദിന പത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് രാജ്യത്തിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കാം. | പ്രതിദിനം | എസ്.ആർ.ജി. | — |

പ്രവർത്തനം 68

പേര് : ചരിത്ര കലണ്ടർ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തിയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി. | — |

പ്രവർത്തനം 69

പേര് : 100 കവികൾ 100 കവിതകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവചരിത്രവും തയ്യാറാക്കണം. പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | — |

പ്രവർത്തനം 70

പേര് : എംബ്ലം പുരാണം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ, വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം കുട്ടികൾ ശേഖരിക്കണം. ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം/പദ്ധതി അവയുടെ പ്രവർത്തനം എന്നിവ എംബ്ലത്തിന് താഴെയായി എഴുതി തയ്യാറാക്കണം | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.എസ്.ജി. | — |

പ്രവർത്തനം 71

പേര് : നിശാപാഠശാല

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നാക്കക്കാരായ 10-ാം ക്ലാസിലെ കുട്ടികൾക്ക് രാത്രികാല പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടുനിൽക്കുന്ന രാത്രികാല പരിശീലനം പി.ടി.എ. പ്രതിനിധികളും അധ്യാപകരും പാഠശാലയ്ക്ക് നേതൃത്വം നൽകണം ഭക്ഷണം നൽകണം | പ്രതിവർഷം ഒരു മാസം | പി.ടി.എ. എസ്.ആർ.ജി. | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 72

പേര് : തനിമയാർന്ന ആഹാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാര സാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | — |

പ്രവർത്തനം 73

പേര് : ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും ലഭിക്കുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | — |

പ്രവർത്തനം 74
പേര് : പുതിയ മന്ദിരം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം. | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി | 65 ലക്ഷം (എം.എൽ.എ ഫണ്ട്) |

പ്രവർത്തനം 75
പേര് : ഡൈനിംഗ് ഹാൾ
മേഖല :- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി | 5 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം76
പേര് : ശൗചാലയ സമുച്ചയം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി | 10 ലക്ഷം (എം.എൽ.എ ഫണ്ട്) |

പ്രവർത്തനം 77

പേര് : നീരുറവ സംരക്ഷണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജല സംരക്ഷണ പ്രവർത്തനം | നിലവിലുള്ള നീരുറവ മതിൽകെട്ടി, മുകളിൽ നെറ്റ് നിർമ്മിച്ച് സംരക്ഷിക്കൽ | ഒരു വർഷം | പി.ടി.എ. | 1 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം 78

പേര് : ബ്ലോക്ക് പ്ലാന്റേഷൻ പ്രോഗ്രാം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പരിസരം ഹരിതാഭമാക്കൽ | തരിശുകിടക്കുന്ന ഭൂമിയിൽ വനംവകുപ്പിന്റെ സഹകരണത്തോടെ പരമാവധി മരം വച്ചുപിടിപ്പിക്കൽ | ഒരു വർഷം | എസ്.എസ്.ജി. | 50000/- രൂപ (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 79

പേര് : കുടിവെള്ള വിതരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തു ന്നതിനുള്ള ക്രമീകരണം. ടാങ്കിൽ നിന്നും ടോയ്‌ലറ്റ്, വാഷ് ബേസിൻ എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | ആറ് മാസം | പി.ടി.എ. | 200000/- രൂപ (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം 80

പേര് : യോഗ പരിശീലന കേന്ദ്രം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനുവേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നുവീതം | പി.ടി.എ. | 2 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം 81

പേര് : നീന്തൽക്കുളം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത, സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽക്കുളം നിർമ്മിക്കൽ അവധി ദിവസങ്ങളിൽ നിയന്ത്രണങ്ങളോടെ പൊതു സമൂഹത്തിനും പരിശീലനത്തിന് അവസരം നൽകാം. | ഒരു പ്രാവശ്യം | പി.ഇ.റ്റി. അദ്ധ്യാപകൻ പി.ടി.എ. | 50 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 82

പേര് : ജനറേറ്റർ സ്ഥാപിക്കൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ-ടെക് ക്ലാസ്സ്റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ. | 20 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം 83

പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, റ്റി.സി. രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | എച്ച്. എം., ക്ലർക്ക് എസ്.ആർ.ജി. കൺവീനർ | 5 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 84

പേര് : മാലിന്യ സംസ്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.ആർ.ജി. | 1 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം 85

പേര് : ബയോഗ്യാസ് പ്ലാന്റ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം (അനെർട്ട്) |

പ്രവർത്തനം 86

പേര് : ടൂൾ കിറ്റ്, പണിയായുധങ്ങൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ. സ്റ്റാഫ് സെക്രട്ടറി | 10,000/- (പി.ടി.എ.) |

പ്രവർത്തനം 87

പേര് : സൗരോർജ്ജപാനൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | പി.ടി.എ. | 10 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 88
പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയ ത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷ ത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി., ഒ.എസ്.എ. | 5000/- (ഒ.എസ്.എ.) |

പ്രവർത്തനം 89
പേര് : പൂർവ്വാദ്ധ്യാപക സംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10,000/- (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം 90
പേര് : അങ്കണവാടി കലോത്സവം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ. നവാഗതരാകേണ്ട വർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരി സരത്തുള്ള അങ്കണവാ ടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടി പ്പിക്കൽ, വിരുന്നു നൽകൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | 10,000/- (സ്പോൺസർ ഷിപ്പ്) |

പ്രവർത്തനം 91

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി., എസ്.ആർ.ജി. | 10000/- (പി.ടി.എ.) |

പ്രവർത്തനം 92

പേര് : പഠനക്കൂട്ടങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നുവീതം അവധിദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ. ഞായറാഴ്ചകളിൽ പതിവായി ക്ലാസ്സ്, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ | ഓരോ ടേമിലും ഒന്നു വീതം മികവുകളുടെ അവതരണം, ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | എസ്.ആർ.ജി. പി.ടി.എ. എസ്.എസ്.ജി. | 5,000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 93

പേര് : രക്ഷിതാക്കൾക്ക് ഇ-സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിവരങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ / അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | എച്ച്.എം. ഐ.ടി.@ സ്കൂൾ എസ്.ഐ.റ്റി.സി. | - |

പ്രവർത്തനം 94

പേര് : പി.എസ്.സി. കോച്ചിംഗ് ക്ലാസ്സ്
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അവധി ദിവസങ്ങളിൽ പി.എസ്.സി.യ്ക്ക് വിവിധ തസ്തികകളിൽ ജോലി തേടുന്നവർക്ക് കോച്ചിംഗ് ക്ലാസ്സ് | എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിനങ്ങളിലും | പി.ടി.എ. | - |

പ്രവർത്തനം 95

പേര് : വായനാക്കൂട്ടം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | - |

പ്രവർത്തനം 96

പേര് : സ്റ്റാർട്ട് അപ്സ്
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തവും വരുമാനവും വർദ്ധിപ്പിക്കൽ | ടാസ്ക് ഫോറത്തിന്റെ നേതൃത്വത്തിൽ ഉത്പാദന യൂണിറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ ആരംഭിക്കൽ (എൽ.ഇ.ഡി. ബൾബ്, ഡിറ്റർജന്റ്, പേപ്പർ കവർ, സേവന കേന്ദ്രങ്ങൾ) | ഒരു പ്രാവശ്യം | പി.ടി.എ. | 5 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 97

പേര് : പി.ടി.എ./എം.പി.ടി.എ. സർഗോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കുക | പി.ടി.എ., മദേഴ്സ് ഫോറം, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എം.പി.ടി.എ. എസ്.ആർ.ജി. | 10000/- പി.ടി.എ. ഫണ്ട് |

പ്രവർത്തനം 98

പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | - |

പ്രവർത്തനം 99

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി. | 5000/- (പി.ടി.എ. ഫണ്ട്) |

പ്രവർത്തനം 100

പേര് : പുസ്തക പ്രചരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറൽ. ധനസമാഹരണ മാർഗ്ഗം | ജെ.ആർ.സി. കുട്ടികൾ, അദ്ധ്യാപകർ, പി.ടി.എ. കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ ചെറുഗ്രൂപ്പ് ഗ്രീൻബുക്സ് തുടങ്ങിയ വിവിധ പ്രസാധകരുടെ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ വിറ്റഴിക്കൽ. കമ്മീഷൻ വിദ്യാലയ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ | മധ്യവേനൽ അവധി കാലം | ജെ.ആർ.സി. സ്റ്റാഫ് കൗൺസിൽ പി.ടി.എ. | - |

പ്രവർത്തനം 101

പേര് : പുസ്തക പ്രസിദ്ധീകരണവും വിറ്റഴിക്കലും

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ച കഥ/കവിത/കാർട്ടൂൺ/കഥാപ്രസംഗം തുടങ്ങിയ വിവിധ സാഹിത്യസൃഷ്ടികൾ എസ്.ആർ.ജിയുടെ ഉപസമിതി പരിശോധിച്ച് പ്രസിദ്ധീകരണയോഗ്യമായവ തെരഞ്ഞെടുക്കൽ. അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. വിറ്റഴിക്കൽ. അച്ചടിച്ചെലവ് കഴിഞ്ഞ് ബാക്കി വരുന്ന തുക പുതിയ പുസ്തകങ്ങൾ വാങ്ങുവാൻ ഉപയോഗിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി. പി.ടി.എ. | 10,000/- (പരസ്യം) |

പ്രവർത്തനം 102

പേര് : സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | 10,000/- (പരസ്യം) |

പ്രവർത്തനം 103

പേര് : മത്സര പരീക്ഷകൾക്ക് പരിശീലനം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയവൽക്കരണം | അവധി ദിവസങ്ങളിൽ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകൽ. അദ്ധ്യാപകരും മുൻ അദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം. ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന നാമമാത്ര ഫീസ് അക്കാദമിക് ആവശ്യങ്ങൾക്ക് വിനിയോഗിക്കൽ | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി. പി.ടി.എ. പി.ടി.എ. | 10,000/- (പരസ്യം) |

പ്രവർത്തനം 104

പേര് : എൻട്രൻസ് കോച്ചിംഗ്

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ സാമൂഹിക ബന്ധം വളർത്തൽ | വിരമിച്ച എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി അവധി ദിവസങ്ങളിൽ എൻട്രൻസ് പരിശീലനം | അവധി ദിവസങ്ങൾ | പി.ടി.എ. എസ്.എസ്.ജി. | — |

പ്രവർത്തനം 105

പേര് : ഗ്രാമപത്രം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ. ചുമതലപ്പെടുത്തിയിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതു വാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ | പ്രതിദിനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | 5000/- (ഒ.എസ്.എ.) |

പ്രവർത്തനം 106

പേര് : കാരണവക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 60 വയസ്സിനുമുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു | വർഷത്തിൽ ഒന്നു വീതം | ഒ.എസ്.എ, എസ്.ആർ.ജി. | – |

പ്രവർത്തനം 107

പേര് : ഹരിതഗ്രാമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽമരങ്ങൾ വച്ചുപിടിപ്പിക്കൽ, അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ. സമീപത്തെ ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ പങ്കെടുപ്പിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. സ്കൂൾ പാർലമെന്റ് | 10000/- (സംഭാവന) |

പ്രവർത്തനം 108

പേര് : പൊതിച്ചോറ്

മേഖല : സാമൂഹികം / ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും ഇതര ജീവനക്കാരും 5-10 ഭക്ഷണപ്പൊതികൾ വീതം കൊണ്ടുവരുന്നു. നഗരത്തിലെ അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കാൻ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. | — |

9. പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

10. മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം.പി.ടി.എ., എസ്.എസ്.ജി., എസ്.ആർ.ജി., ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം./പ്രിൻസിപ്പാൾ. എസ്.ആർ.ജി. കൺവീനർ. പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

11. ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

(അനുബന്ധം 2- കുട്ടികളുടെ എണ്ണം സ്റ്റാൻഡേർഡ് തിരിച്ച് പത്തുവർഷത്തെ ചേർക്കുക)

## കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ

| Year | Pre Primary | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2008-09 | | | | | | 107 | 101 | 109 | 122 | 151 | 120 | | | 590 |
| 2009-10 | | | | | | 98 | 109 | 102 | 151 | 133 | 120 | | | 713 |
| 2010-11 | | | | | | 102 | 105 | 112 | 128 | 156 | 113 | | | 716 |
| 2011-12 | | | | | | 103 | 102 | 104 | 131 | 149 | 127 | | | 716 |
| 2012-13 | | | | | | 54 | 90 | 91 | 106 | 138 | 124 | | | 603 |
| 2013-14 | | | | | | 57 | 59 | 94 | 94 | 124 | 120 | | | 548 |
| 2014-15 | | | | | | 52 | 5 | 62 | 105 | 103 | 113 | | | 500 |
| 2015-16 | | | | | | 50 | 55 | 58 | 75 | 112 | 90 | | | 438 |
| 2016-17 | | | | | | 48 | 54 | 56 | 68 | 98 | 103 | | | 427 |
| 2017-18 | | | | | | 45 | 46 | 55 | 77 | 74 | 96 | | | 393 |
| 2018-19 | | | | | | 48 | 50 | 56 | 73 | 97 | 71 | | | 395 |
| 2019-20 | | | | | | 55 | 53 | 49 | 73 | 99 | 78 | | | 407 |
| 2020-21 | | | | | | 54 | 52 | 54 | 89 | 79 | 98 | | | 422 |
| 2021-22 | | | | | | 64 | 59 | 55 | 83 | 100 | 80 | | | 438 |
| 2022-23 | | | | | | 38 | 66 | 64 | 88 | 86 | 98 | | | 440 |
| 2023-24 | | | | | | 34 | 40 | 62 | 76 | 98 | 70 | | | 380 |
| 2024-25 | | | | | | 32 | 37 | 41 | 72 | 73 | 99 | | | 354 |
| 2025-26 | | | | | | 16 | 29 | 38 | 46 | 70 | 71 | | | 270. |

(അനുബന്ധം 1 - വിദ്യാലയത്തിന്റെ മുഴുവൻ സ്ഥലവിസ്തൃതി സമഗ്രമായി പരിഗണിച്ച് സ്കെച്ചും സൈറ്റ് പ്ലാനും തയ്യാറാക്കണം - ഭാവിയിൽ ഉണ്ടാകേണ്ട എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പരിഗണിക്കണം.)

വിദ്യാലയത്തിന്റെ സ്കെച്ചും സൈറ്റ് പ്ലാനും

